കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9 /083/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. .29.01.2019

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/083/2019, തിയ്യതി:29.01.2019.

# കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-12-2018 മുതൽ 05-1-2019വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| കിരൺദാസ്.പി. | ഓഡിറ്റ് ഓഫീസർ |
| സുനിൽ കുമാർ.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| സുധീഷ്.എൻ.കെ. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| നിർവ്വഹണാധികാരി | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | എം. ടി. അബ്ദുൾ ജബ്ബാർ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | റജുലാൽ, എം. പി. | 01-04-2017 മുതൽ 22-04-2017വരെ |
| | അനിൽ കുമാർ എൻ, എം. | 23-04-2017 മുതൽ 23-05-2017വരെ |
| | റജുലാൽ, എം. പി. | 24-05-2017 മുതൽ 20-06-2017വരെ |
| | രമണി, കെ. | 21-06-2017 മുതൽ 06-07-2017വരെ |
| | പ്രഭാകരൻ, ടി. വി. | 07-07-2017 മുതൽ 13-07-2017വരെ |
| | രാഹുൽ രാമചന്ദ്രൻ | 14-07-2017 മുതൽ 31-03-2018വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.എഞ്ചിനീയർ | കവിത .കെ | 01/04/2017 | 01/11/2017 |
| | വഹീദ.കെ | 02/11/2017 | 31/03/2018 |
| കൃഷി ഓഫീസർ. | സന്തോഷ് ചാലിൽ | 01/04/2017 | 31/03/2018 |
| വി.ഇ.ഒ. | ജാഫർ.ടി.കെ. | 01/04/2017 | 24/10/2017 |
| | സമീറ | 25/10/2017 | 14/11/2017 |
| | ജിജേഷ് .വി. ശശീന്ദ്രൻ | 15/11/2017 | 31/03/2018 |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | റിയ റസാക്ക് .എ. | 01/04/2017 | 09/05/2017 |
| | ഗിരിജ .കെ.വി | 10/05/2017 | 31/03/2018 |
| മെഡിക്കൽ ഓഫീസർ-PHC (1.7.2017മുതൽ 4.7.2017വരെ ഒഴിവ്) | ഡോ. ഫയാസ് മുക്താർ .സി | 01/04/2017 | 30/06/2017 |
| | ഡോ. ധന്യ ദയാനന്ദൻ | 01/07/2017 | 31/03/2018 |
| മെഡിക്കൽ ഓഫീസർ-GAD | സവിത.എം .പി. | 01/04/2017 | 31/03/2018 |

| | | | |
|---|---|---|---|
| ഹെഡ് മാസ്റ്റർ | നാരായണൻ .എ. | 01/04/2017 | 31/03/2018 |
| വെറ്റിനറി സർജൻ | ഡോ. സാബു .എം.വി. | 01/04/2017 | 09/04/2017 |
| | ഡോ. ജോർജ് വർഗ്ഗീസ് | 10/04/2017 | 27/11/2017 |
| | ഡോ സാബു.എം. വി. | 28/11/2017 | 31/03/2018 |

ഉള്ളടക്കം


| I ഭാഗം<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
|---|---|---|
| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | II ഭാഗം<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 12 | വസ്തുനികുതി പിരിവ്, നിർണ്ണയം : പൊതുവായ അപാകതകൾ | 2-1 |
| 13 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 2-2 |
| 14 | രശീതി പരിശോധന – പൊതു അപാകതകൾ | 2-3 |
| | III ഭാഗം<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 15 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-1 |
| 16 | കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവ്. | 3-2 |
| 17 | പൊതുമരാമത്ത് കരാറുകാർക്ക് സർവ്വീസ് ടാക്സ് അനുവദിച്ചത്- തുകയുടെ അടവ് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. | 3-3 |
| 18 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 19 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-5 |
| 20 | വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കുടിശ്ശിക നൽകൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-6 |

| | | |
|---|---|---|
| 21 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു. | 3-7 |
| 22 | ടാർ വാങ്ങുന്നതിന് ഓയിൽകമ്പനികൾക്ക് മുൻകൂർ നൽകിയ തുകയിൽ തിരികെ ലഭിക്കുവാനുള്ളത് 1850 രൂപ. | 3-8 |
| 23 | യാത്രാ ബത്ത മുൻകൂർ നൽകിയത് - നാളിതു വരെ ക്രമപ്പെടുത്തിയിട്ടില്ല | 3-9 |
| 24 | NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-10 |
| 25 | പ്രോജക്ടുകളുടെ നിർവ്വഹണം -മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 3-11 |
| 26 | പ്രൊക്യൂർമെന്റ് കമ്മിറ്റി-അപാകതകൾ | 3-12 |
| 27 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-13 |
| 28 | വാഹന ഉപയോഗം- പൊതു അപാകതകൾ | 3-14 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |

| | | |
|---|---|---|
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ<br>തീയ്യതി | 202(1)/17<br>27/03/2017 | 05/2018<br>16/02/2018 |
| മുന്നിരിപ്പ് | ₹8,74,017 | ₹6,71,097.51 |
| വരവ് | ₹96,317,000 | ₹85,020,424.00 |
| ആകെ | ₹97,191,017 | ₹85,691,521.51 |
| ചെലവ് | ₹96,439,000 | ₹84,870,241.00 |
| നീക്കിയിരിപ്പ് | ₹7,52,017 | ₹8,21,280.51 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04.07.2018 മുതൽ 05.07.2018 വരെ | കെ.എസ്.എ./കെ.എസ്.ഡി.3/592/2018 തീയതി:14.08.2018 |

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 6,76,802/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.
2. ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
4. തൊഴിലുറപ്പ് പദ്ധതി ആകെ ചെലവായി ഇൻകം & എക്സ്പെൻഡിച്ചർ ആകെ ചെലവായി I-6സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക(1,40,04,742രൂപ) പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുകയുമായി (1,46,10,686രൂപ) പൊരുത്തപ്പെടുന്നില്ല. (പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം FTO തുക 1,37,00,841 രൂപയും അഡ്മിനിസ്ട്രേഷൻ ചെലവ് 9,09,845രൂപയും കൂടി തൻ വർഷത്തെ ആകെ ചെലവ് 1,46,10,686രൂപയാണ്.)
5. NMGB( plan SB) യിൽ 31.03.2018 ൽ നീക്കിയിരിപ്പായി വാർഷിക ധനകാര്യപത്രിക പ്രകാരം2,78,189 രൂപയാണ്.എന്നാൽപാസ് ബുക്ക് പ്രകാരം 2,83,827 രൂപയാണുള്ളത്. 01.11.2017 ൽ വരവ് വന്ന 2,805രൂപയും01.02.2018ൽ വരവ് വന്ന2,833 രൂപയുമടക്കം ആകെ 5,638 രൂപയുടെ വരവ് രശീതി ചെയ്യിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | ₹51,46,700 |
| വരവ് | ₹4,15,03,021 |
| ആകെ | ₹4,66,49,721 |
| ചെലവ് | ₹4,37,92,986 |
| നീക്കിയിരിപ്പ് | ₹28,56,735 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 73,11,000 | 73,11,000 | 70,56,781 | 2,54,219 |
| വികസന ഫണ്ട് -SCP | 0 | 12,75,221 | 12,75,221 | 6,58,804 | 6,16,417 |
| വികസന ഫണ്ട് -TSP | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 21,04,000 | 21,04,000 | 19,40,639 | 1,63,361 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 25,86,000 | 25,86,000 | 25,66,777 | 19,223 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 34,32,578 | 34,32,578 | 28,29,514 | 6,03,064 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 84,55,721 | 84,55,721 | 58,63,161 | 25,92,560 |

മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, തനത് ഫണ്ട് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ചുള്ള വിവരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരവും

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 49,641 | 543 | 50,184 | 48,960 | 1,224 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 2,43,27,544 | 2,43,27,544 | 2,43,27,544 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,61,002 | 7,87,129 | 9,48,131 | 9,45,845 | 2,286 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ) | T.S.C. | 0 | 0 | 0 | 0 | 0 |
| | S.S.A. | 30,009 | 1,215 | 31,224 | 0 | 31,224 |
| | I.C.D.S. | 6,31,362 | 3,29,514 | 9,60,876 | 5,97,450 | 3,63,426 |
| | N.P.R.P.D. | 15,60,000 | 0 | 15,60,000 | 7,10,000 | 8,50,000 |

| | | | | | | |
|---|---|---|---|---|---|---|
| | P.Y.C.K.A. | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്ചേർക്കുക) | നാട്ടുമാവ് പദ്ധതി പ്രത്യേക ധനസഹായം | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 25,000 | 12,500 | 37,500 | 0 | 37,500 |
| | ശുചിത്വമിഷൻഫണ്ട് | 6,25,754 | 8,69,992 | 14,95,746 | 5,34,936 | 9,60,810 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ട്രഷറി) | ബ്ലോക്ക് പഞ്ചായത്ത് | 0 | 6,00,000 | 6,00,000 | 5,51,048 | 48,952 |
| | ജില്ലാ പഞ്ചായത്ത് | 1,75,000 | 2,16,750 | 3,91,750 | 2,02,104 | 1,89,646 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 6,00,000 | 6,00,000 | 3,30,000 | 2,70,000 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 15,000 | 15,000 | 15,000 | 0 |
| | M.G.N.R.E.G.A നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 24,000 | 24,000 | 24,000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്, ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ്സ് ഗ്രാന്റ് ഉൾപ്പടെ | 6,71,097.51 | 60,12,443 | 66,83,540.51 | 75,46,811 | (-) 8,63,270.49 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 0 | 0 | 0 | 0 |
| | ഗുണഭോക്തൃവിഹിതം | 0 | 10,80,740 | 10,80,740 | 10,80,740 | 0 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017– ലെ ജി.ഒ.(എം.എസ്.)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.01.2017 ലെ 165/17 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി ,നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. .

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 27.03.2017 ലെ 204/17നമ്പർ

തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 18 |
| 2 | വികസനം | 13 |
| 3 | ക്ഷേമകാര്യം | 16 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 17 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്റ്റുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്റ്റുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ ആണ് പ്രൊജക്റ്റുകൾ തയ്യാറാക്കുന്നത് എന്നത് വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം,കാര്യക്ഷമമാക്കൽ | 3 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 3 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 6 |
| 4 | ദാരിദ്ര്യ ലഘൂകരണം | 5 |
| 5 | പൊതുമരാമത്ത് | 3 |
| 6 | സാമൂഹ്യക്ഷേമം | 4 |
| 7 | പട്ടിക ജാതി വികസനം | 4 |
| 8 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 4 |
| 9 | ആരോഗ്യം | 5 |
| 10 | കുടിവെള്ളം ശുചിത്വം | 3 |
| 11 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 6 |
| 12 | ചെറുകിട വ്യവസായം | 4 |

മോണിറ്ററിംഗ്

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 ത.സ്വ.ഭ.വ. തീയതി 29/3/2017 & എം.എസ്. നം. 10/2017 ത.സ്വ.ഭ.വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 25-01-2017 ന് രൂപീകരിച്ചിട്ടുണ്ട് .ആസൂത്രണ സമിതിയിൽ 21 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 10.04.2018ന് യോഗം ചേരുകയുണ്ടായി.പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ

കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം.എസ്.) 10/2017 ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 4/2017 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 7/2017മാസത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും11/2017, 2/2018മാസങ്ങളിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.

ഭിന്നശേഷി വിഭാഗക്കാരുടെ ഗ്രാമസഭ

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക ഗ്രാമസഭ ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരം ഭിന്നശേഷി വിഭാഗക്കാരുടെ ഗ്രാമസഭ 11.04.2017 ന് ചേർന്നിട്ടുണ്ട്.

മത്സ്യ സഭ

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പ്രത്യക യോഗം -മത്സ്യ സഭ ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. എന്നാൽ ഇത് പ്രകാരം മത്സ്യ സഭ ചേർന്ന് കാണുന്നില്ല.

വികസന സെമിനാർ

03-06-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 84 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 01/04/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 05.06.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 228/2017)- ജില്ലാ ആസൂത്രണ സമിതി വാർഷീക പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. 22-03-2018ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 100 |

| | |
|---|---|
| പുതിയ പ്രോജക്ടുകൾ | 68 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 32 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

2017-18 സാമ്പത്തിക വർഷം ആകെ 100 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 82 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 82% മാത്രമാണ് നടപ്പിലാക്കിയത്.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 100 | 82 | ₹3,29,38,467 | -- | 18 | 82 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹1,61,002 | ₹7,87,129 | ₹9,48,131 | ₹9,45,845 | ₹2,286 |
| ഗുണഭോക്താക്കൾ നേരിട്ട്നൽകുന്നത് | 0 | ₹2,43,27,544 | ₹2,43,27,544 | ₹2,43,27,544 | 0 |
| ആകെ | ₹1,61,002 | ₹2,51,14,673 | ₹2,52,75,675 | ₹2,52,73,389 | ₹2,286 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 1,07,760 | 182 |
| | കർഷകതൊഴിലാളി പെൻഷൻ | 42,95,700 | 357 |
| | വിധവാ പെൻഷൻ | 3,26,600 | 715 |
| | വാർദ്ധക്യകാല പെൻഷൻ | 46,58,100 | 348 |
| | വികലാംഗ പെൻഷൻ | 22,42,500 | 192 |
| | അവിവാഹിത പെൻഷൻ | 86,22,600 | 27 |
| | വിവാഹ ധനസഹായം | 3,30,000 | 11 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന26-12-2018തീയതിയിൽ 3.00 ന് സ്ഥാപനത്തിലെ ഉത്തരവാദ പ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ ₹2,787/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിൻെറ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധാനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല

(4)ഫ്രണ്ട് ഓഫീസ് സംവിധാനം-പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ്യോഗങ്ങൾ, സ്റ്റാൻെറിങ് കമ്മിറ്റിയോഗങ്ങൾ എന്നിവ ചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ-പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി ഉണ്ടാവേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | ---വിവരം ലഭ്യമല്ല--- | --- | --- |
| പെർഫോമെൻസ് ഓഡിറ്റ് | 30/10/2018 | 2018 സെപ്തംബർ | 30/10/2018 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ്, നിർണ്ണയം : പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കിപത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള(ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം കടിശ്ശിക (ഗാർഹികം) | ₹1,23,545 |
| മുൻവർഷങ്ങളിലെ കടിശ്ശിക (ഗാർഹികം) | ₹1,47,713 |
| തൻവർഷം കടിശ്ശിക(ഗാർഹികേതരം) | ₹1,54,610 |
| മുൻവർഷങ്ങളിലെ കടിശ്ശിക (ഗാർഹികേതരം) | ₹1,59,183 |
| ആകെ | ₹5,85,051 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

മറ്റ് അപാകതകൾ

1)കെട്ടിടയുടമയുടെ പേരിലല്ലാതെ മറ്റൊരാളുടെ പേരിൽ വസ്തുനികുതി രസീതി മുറിച്ചു.

ഓഡിറ്റ് വർഷം വസ്തു നികുതി രേഖകളുടെ പരിശോധനയിൽ ഉടമസ്ഥരുടെ പേരിലല്ലാതെ 2017-18-ലെ നികുതി ഈടാക്കിയതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഉടമസ്ഥൻ | ഫ്രണ്ട് ഓഫീസ് രസീത് പ്രകാരം നികുതിമുറിച്ച ആളുടെ പേര് |
|---|---|---|
| IX/215 | പി.വി കൊട്ടൻ | പി.വി. പത്മിനി |
| IX/36 | കെ.പി കണ്ണൻ | പി.വി. പാറു |
| IX/207 | കെ.പി കറുമ്പ | കെ.പി ജാനകി |
| VII/175 | വി.കെ.പി ഫരീദ | വി.കെ.പി. കുഞ്ഞബ്ദുള്ള |
| 111/185A | കെ.മറിയമ്പി | കെ.മുഹമ്മദ്കുഞ്ഞി |
| VIII/48 | സിന്ധു.പി. | രാമപുരത്ത് പടിഞ്ഞാറയിൽ ഭാനു. |
| VIII/179B | ടി.പി മുഹമ്മദ് റാഷിദ് | സൽമത്ത് |
| VIII/280A | കോട്ടാലിൽ റാഫി | യു.എം.ബീഫാത്തിമ |
| XII/46 | കെ.കുഞ്ഞാമി | പി.അബ്ദുൾ ഹക്കീം |

| | | |
|---|---|---|
| II/113 | അനിത.പി.വി | പി.വി.കാർത്ത്യായനി |
| IX/44 | കെ.നഫീസ | പി.കെ. അബ്ദുൾ ഖാദർ |

പഞ്ചായത്ത് രേഖകളിൽ നിയമാനുസൃതം മാറ്റങ്ങൾ വരുത്താതെ വസ്തുനികുതി രസീത് നല്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. കെട്ടിടയുടമസ്ഥാവകാശം മാറ്റിയാണ് നികുതി പുതുതായി ആൾക്കാരുടെ പേരിലേക്ക് മാറ്റിയതെങ്കിൽ അസസ്മെന്റ് രജിസ്റ്ററിലും മാറ്റങ്ങൾ വരുത്തേണ്ടതായിരുന്നു, എന്നാൽ അസസ്മെന്റ് രജിസ്റ്ററിൽ മാറ്റങ്ങൾ വരുത്തി സെക്രട്ടറിയോ ഉത്തരവാദപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല ആയതിനാൽ കെട്ടിടയുടമസ്ഥാവകാശം മാറ്റുമ്പോൾ സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രേഖകളിൽ നിന്നും വിഭിന്നമായി വസ്തുനികുതി മറ്റൊരാളുടെ പേരിൽ രസീത് ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

<u>2) 660 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്</u>

സ. ഉ. (എം. എസ്.) നം. 144/15/ ത. സ്വ. ഭ. വ. തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2017-18 ൽ മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷകർ സമർപ്പിച്ച സത്യവാങ്മൂലം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

<u>3) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

a) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു പോരേണ്ടതാണ്.

b) മേൽ ചട്ടങ്ങൾ 21(3) പ്രകാരം, ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

c)സ. ഉ. (എം. എസ്.) നം. 144/15/ ത. സ്വ. ഭ. വ. തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

d) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.

<u>4)സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

5)നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതിൽ കുറവ്.

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ. എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്.ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ.(അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 167കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ടെങ്കിലും 1.8.2017- ന് മുമ്പെ യു.എ. നമ്പർ നൽകിയ കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരം നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കാതെ നിയമാനുസൃത കെട്ടിടങ്ങളെപ്പോലെ തന്നെയുള്ള നികുതിയാണ് ഈടാക്കി കാണുന്നത്. കൂടാതെ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ അനധികൃത കെട്ടിടങ്ങളിൽ നിന്നും(വാണിജ്യ കെട്ടിടമുൾപ്പെടെ) വസ്തു നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കേണ്ടതാണ്. ഈ അപാകത എത്രയും പെട്ടെന്ന് തന്നെ പരിഹരിക്കപ്പെടേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

(1) കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ

വകുപ്പ് 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ ഉള്ളതായി കാണുന്നു. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. പല അപേക്ഷകളിലും അപേക്ഷ അനുവദിച്ച വിവരമോ ഫീസ് ഈടാക്കിയ വിവരമോ രേഖപ്പെടുത്തിയിട്ടില്ല.

(2) അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, പ്ലോട്ടിന്റെ വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, കെട്ടിടവിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ നിർമ്മാണം കെ.പി.ബി.ആർ. ചട്ടങ്ങൾക്ക് വിധേയമാണ്/അല്ല എന്ന് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സൂക്ഷ്മമായി രേഖപ്പെടുത്തുന്നില്ല.

(3) കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാതെ നിരസിക്കുന്ന അപേക്ഷകളിൽ അനധികൃതമായി നിർമ്മാണം തുടരുന്നുണ്ടോ എന്നത് അന്വേഷിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

## 2-3 രശീതി പരിശോധന - പൊതു അപാകതകൾ

1. രശീതികൾ റദ്ദാക്കുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

അപാകങ്ങൾ ഉണ്ടായാൽ നികുതി പിരിവിനായി നൽകുന്ന രശീതി ബുക്കുകളിലെ താളുകൾ റദ്ദ് ചെയ്യേണ്ടതായി വരാറുണ്ട്. എന്നാൽ ഇത്തരത്തിൽ റദ്ദ് ചെയ്യുമ്പോൾ പ്രസ്തുത താൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. ഇങ്ങനെ സാക്ഷ്യപ്പെടുത്തലുകൾ നടത്താത്ത ഏതാനും രശീതികൾ താഴെക്കൊടുക്കുന്നു.

| രശീതി ബുക്ക് നം. & തീയ്യതി | നികുതിയിനം |
|---|---|
| 32352/17 തീ.18.04.2017 | കെട്ടിട നികുതി |
| 6846/53 തീ.18.07.2017 | കെട്ടിട നികുതി |

| | |
|---|---|
| 6846/71 തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | കെട്ടിട നികുതി |
| 6847/33 തീ.22.07.2017 | കെട്ടിട നികുതി |
| 6847/34 തീ.22.07.2017 | കെട്ടിട നികുതി |
| 465/30 തീ.19.01.2018 | കെട്ടിട നികുതി |

ഭാവിയിൽ റദ്ദ് ചെയ്യുന്ന താളുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. പ്രസ്തുത നികുതി ദാതാവിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

2. നികുതി ദാതാവിന് രശീതിയുടെ അസ്സൽ നൽകേണ്ടതാണ്:

താഴെക്കൊടുത്തിരിക്കുന്ന രശീതികളുടെ അസ്സലും പകർപ്പും രശീതി ബുക്കിൽ തന്നെ സൂക്ഷിച്ച് വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| രശീതി ബുക്ക് നം. & തീയ്യതി | നികുതിയിനം | നികുതി ദാതാവ് |
|---|---|---|
| 6846/42 തീ.18.07.2017 | കെട്ടിട നികുതി (I/271) | പി.കുഞ്ഞൂട്ടി |
| 6856/88 തീ.26.10.2017 | കെട്ടിട നികുതി (XIII/78) | പി. വി. നാരായണി |
| 478/36 തീ.13.03.2018 | കെട്ടിട നികുതി (XII/156) | പുതിയപുരയിൽ ദാസൻ |
| 480/47 തീ.31.03.2018 | കെട്ടിട നികുതി (I/164) | ടി. കെ. ബുഷ്റ |

ഭാവിയിൽ നികുതി അടവാക്കിയ വ്യക്തിക്ക് രശീതിയുടെ അസ്സൽ നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തി നികുതി പിരിവിലെ സുതാര്യത നിലനിർത്തേണ്ടതാണ്.

3. നികുതി തുകകൾ ബാങ്കിൽ അടവാക്കുമ്പോൾ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് കലക്ഷൻ തുകകൾ അതേ ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കി പോരുന്നുണ്ടെങ്കിലും തുക അടവാക്കുമ്പോൾ ഏതാനും തീയ്യതികളിൽ നാമമാത്രമായ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിന്നീട് ക്രമപ്പെടുത്തുന്നുണ്ടെങ്കിലും കലക്ഷൻ തുകകൾ ബാങ്കിൽ അടവാക്കുമ്പോൾ ഏറ്റക്കുറച്ചിലുകൾ വരാതേയും ശ്രദ്ധിക്കേണ്ടതാണ്. ഒരു ഉദാഹരണം താഴെക്കൊടുക്കുന്നു.

| രശീതി ബുക്ക് നം. & തീയ്യതി | കലക്ഷൻ തുക | ബാങ്കിൽ അടവാക്കിയ തുക | അധികം | കുറവ് |
|---|---|---|---|---|
| റശീതിനം.11703100129-11703100140 തീ. 05.03.2018 | 13,589/- | 16,203/- (തീ.05.03.2018) | 2614/- | -- |
| റശീതിനം.11703100141-11703100156 തീ. 06.03.2018 | 16,668/- | 14,054/- (തീ.06.03.2018) | -- | 2614/- |

4. നികുതി പിരിവിനായുള്ള സാധ്യ സ്റ്റേഷനറി ഫ്രണ്ട് ഓഫീസിലേക്ക് വിതരണം ചെയ്യുമ്പോൾ പ്രസ്തുത വിവരം സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

5. 2018 മാർച്ച് മാസത്തിൽ ചെക്ക്/ഡി.ഡി. യിനത്തിൽ വരവ് വന്ന നികുതി തുകകൾ പണമായ തീയ്യതി ചെക്ക്&ഡ്രാഫ്റ്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ചെക്ക്/ഡിഡി കൾ പണമായ തീയ്യതികൾ മുഴുവൻ ചെക്ക് & ഡ്രാഫ്റ്റ് റജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

6. 2017-18 വർഷത്തിലെ ഭൂരിഭാഗം കാലയളവിലും ഫ്രണ്ട് ഓഫീസിൽ സാംഖ്യ രശീതികൾക്ക് പകരം മാന്വൽ രശീതികൾ ആണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തെക്കുറിച്ച് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ സാംഖ്യ സർവ്വറിനുണ്ടായ തകരാറും, പഞ്ചായത്ത് പ്രദേശത്തെ ഉപ്പ് കാറ്റും കംമ്പ്യൂട്ടറുകളുടേയും മറ്റും പ്രവർത്തനത്തെ ബാധിച്ചതിനാലാണ് ഇപ്രകാരം ചെയ്യേണ്ടിവന്നത് എന്നാണ് വാക്കാൽ മറുപടി നൽകിയത്. ഇത് പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന ജനങ്ങളേയും, പഞ്ചായത്തിന്റെ ഓഫീസ് പ്രവൃത്തനങ്ങളേയും ബാധിക്കുന്നുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ നിർദേശിച്ച പ്രകാരം ഫ്രണ്ട് ഓഫീസ് സജീകരണങ്ങൾ ഒരുക്കിയും കേടായ കമ്പ്യൂട്ടറുകൾ പ്രവർത്തന ക്ഷമമാക്കുകയും ചെയ്ത് പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കാൻ ഉതകുന്ന രീതിയിലുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിക്കാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ. യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1)എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു. ചില വാർഡുകളിൽ ക്വാറം തികയാതെ ചേർന്നിട്ടുണ്ട്.

2)ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.

3)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത

ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4)എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6)ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7)ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.

8)റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9)വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

11)വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2)ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3)ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.

4)ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത്

പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5)ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## 3-2 കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിലെ കരാറുകാർ കരാർ പ്രകാരം കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നില്ല, എന്നാൽ ഇത്തരം കരാറുകാരിൽ നിന്ന് കരാർ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല. എല്ലാ പ്രവർത്തികൾക്കും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിൽ കരാറുടമ്പടി വ്യവസ്ഥകൾ ഒപ്പിട്ടിരുന്നു. ഇതിലെ ഒരു പ്രധാന വ്യവസ്ഥയാണ് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം(1/5) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണെന്നും, അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം വരെ പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തികൊണ്ട് മാത്രമെ കാലാവധി നീട്ടികൊടുക്കുകയുള്ളൂ എന്നും, പ്രവൃത്തി പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയർ അവസാനത്തെ അളവുകളെടുത്ത് രേഖപ്പെടുത്തുന്ന ദിവസമാണ് പ്രവൃർത്തി പൂർത്തിയാക്കിയ ദിവസമായി കണക്കാക്കുക എന്നുള്ളത്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തികളിൽ നിന്നും കരാറിനനുസൃതമായി പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര-നം. | പ്രൊജക്റ്റ്നം. & പേര് & എംബുക്ക് നം. | എഗ്രിമെന്റ് നം. & കരാറുകാരൻ | കരാർ തുക/ പിഎസി& പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | പ്രവൃത്തി വൈകിയ കാലയളവ് | ഈടാക്കേണ്ട പിഴ (₹) | ഈടാക്കിയ പിഴ (₹) | ബാക്കി തുക (₹) |
|---|---|---|---|---|---|---|---|---|
| 1 | S.O.17/18, വിവിധ കമ്മ്യൂണിറ്റി ഹാളുകളുടെ പുനരുദ്ധാരണം, 27/16-17. | 05/2016-17 dt. 23.12.16, പി.വി. ജനാർദ്ദനൻ | 1,46,323. 3മാസം (30.03.2017) | 23.09.17 (എം.ബുക്ക് പേജ്.നം-22) | 5 മാസം 23ദിവസം | 3% @ 4,390 | 0 | 4,390 |
| 2 | S.O.19/18, ബീച്ചാരക്കടവ് നൂറുൽ ഇസ്ലാം മദ്രസക്ക് മുൻ വശത്തെ മെയിൻ | 19/2016-17 dt.30.12.2016, കെ.കുഞ്ഞികൃഷ്ണൻ | 1,99,383. 3മാസം (30.03.2017) | 23.01.2018 (എം.ബുക്ക് പേജ്.നം-11) | 9 മാസം 23ദിവസം | 7% @ 13,957 | 0 | 13,957 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റോഡിൽ നിന്നും പടിഞ്ഞാറോട്ട് റോഡ് ,39/16-17. | | | | | | | |
| 3 | S.O.15/18, മാവിലാക്കടപ്പുറം ഗവ.എൽ.പി.സ്കൂളിന് അധിക സൗകര്യമൊരുക്കൽ, 26/16-17. | 13/2016-17 dt. 24.12.2016, കെ.കുഞ്ഞികൃഷ്ണൻ | 2,65,650. 3മാസം (30.03.17) | 21.6.17 (എം.ബുക്ക് പേജ്.നം-11) | 2 മാസം 21ദിവസം | 1% @ 2,657 | 0 | 2,657 |
| 4 | S.O.15/18, പടന്നക്കടപ്പുറം ചന്തേര തറവാട്-റേഷൻ ഷോപ് റോഡ് ടാറിംഗ്, 38/16-17. | 20/2016-17 dt. 30.12.2016, കെ. കുഞ്ഞികൃഷ്ണൻ | 1,99,509. 3മാസം (30.03.2017) | 12.1.18 (എം.ബുക്ക് പേജ്.നം-12) | 9 മാസം 12ദിവസം | 7% @ 13,966 | 0 | 13,966 |
| 5 | S.O.08/18, മാവിലാക്കടപ്പുറം തൊഴിലുറപ്പ് റോഡ് പുനരുദ്ധാരണം, 33/16-17. | 17/2016-17 dt. 28.12.2016, ജി.എസ്. ജഹാംഗീർ | 3,99,329. 3മാസം (30.03.2017) | 29.12.2017 (എം.ബുക്ക് പേജ്.നം-15) | 9 മാസം | 5% @ 19,966 | 0 | 19,966 |
| 6 | S.O.09/18, ഇടയിലക്കാട് കുടുംബക്ഷേമ ഉപകേന്ദ്രം റോഡ് ടാറിംഗ്, 34/16-17. | 04/2016-17 dt. 20.12.2016, എം.രാജൻ | 1,96,064. 3മാസം (19.03.2017) | 30.12.2017 (എം.ബുക്ക് പേജ്.നം-11) | 9 മാസം 11 ദിവസം | 7% @ 13,724 | 0 | 13.724 |
| 7 | S.O.011/18, മാടക്കാൽ ബോട്ട്ജെട്ടി മുതൽ തെക്കോട്ട് ടാറിംഗ്, 36/16-17. | 15/2016-17 dt. 26.12.2016, എം.വി. കുഞ്ഞപ്പൻ | 1,96,699. 3മാസം (31.03.2017) | 27.12.2017 (എം.ബുക്ക് പേജ്.നം-10) | 8 മാസം 27 ദിവസം | 5% @ 9,835 | 0 | 9,835 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | S.O.10/18,ഒരിയര വടക്കോട്ട് അഴിമുഖം റോഡ് പുനരുദ്ധാരണം, 35/16-17. | 18/2016-17 dt. 28.12.2016, ജി.എസ്.ജഹാംഗീർ | 1,99,888. 3മാസം (31.03.2017) | 19.12.2017 (എം.ബുക്ക് പേജ്.നം-11) | 8 മാസം 19ദിവസം | 5% @ 9,835 | 0 | 9,994 |
| ആകെ | | | | | | | ₹88,489 | |

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/P.W.D. നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകുകയോ കാലാവധി ദീർഘിപ്പിച്ച നൽകുകയോ ചെയ്തിട്ടില്ല. ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമപ്രകാരമല്ല. എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2116-1പ്രകാരംനിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിന് കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1%നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. എന്നാൽ ഇവിടെ എല്ലാ പ്രവർത്തികൾക്കും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിൽ കരാറുടമ്പടി വ്യവസ്ഥകൾ ഒപ്പിട്ടിരുന്നു. ആയത് പ്രകാരമുള്ള പിഴ തുകയാണ് ഈടാക്കേണ്ടിയിരുന്നത്. മോണിട്ടറിംഗ് സമിതി ഇക്കാര്യത്തിൽ നിരീക്ഷണങ്ങൾ നടത്തുകയോ ഗ്രാമപഞ്ചായത്ത്/സ്റ്റാന്റിംഗ് കമ്മറ്റിയെ അറിയിക്കുകയോ ചെയ്തുകാണുന്നില്ല. ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 7/01.01.2019നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന ₹88,489 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പൊതുമരാമത്ത് കരാറുകാർക്ക് സർവ്വീസ് ടാക്സ് അനുവദിച്ചത്- തുകയുടെ അടവ് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

പൊതുമരാമത്ത് പ്രവത്തി ബില്ലുകളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കുന്നത് സംബന്ധിച്ചും ആയതിന്റെ ഒടുക്ക് സംബന്ധിച്ചും (G.O.(P) No.87/2017/Fin.dt.05.07.2017 പ്രകാരം സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ 2017-18വർഷം നടപ്പാക്കിയ ചുവടെ ചേർത്ത പൊതുമരാമത്ത് പ്രവൃത്തികളുടെ അന്തിമ ബിൽനല്കുമ്പോൾ സർവ്വീസ് ടാക്സ് ഉൾപ്പടെയുള്ള തുക കണക്കാക്കിയാണ് നല്കിയിട്ടുള്ളത്. എന്നാൽ സർവ്വീസ് ടാക്സ് ഇനത്തിൽ അനുവദിച്ച തുക ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കിയതിന്റെ രസീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (8/01.01.2019) മറുപടി നല്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | അടങ്കൽ & വൗച്ചർ നം | കരാറകാരന്റെ പേര് | അളവ്മൂല്യം (സർവ്വീസ് ടാക്സ്കൂടാതെ) | സർവ്വീസ് ടാക്സ് |
|---|---|---|---|---|
| S.O.017/18, വിവിധ കമ്മ്യൂണിറ്റി ഹാളുകളുടെ പുനരുദ്ധാരണം, 27/16-17. | 1,62,000, 14/01-2018 | പി.വി.ജനാർദ്ദനൻ | ₹1,23,388 | ₹12,956/- |
| S.O.018/18, വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ളാസ് ഒരുക്കൽ, 05/16-17. | 3,00,000, 25/3-17, 19/1-18, 36(1)/3-18 | പി.എം.പത്മനാഭൻ | ₹2,71,212 | ₹28,477 |
| S.O.015/18, മാവിലാക്കടപ്പുറം ഗവ.എൽ.പി.സ്കൂളിന് അധിക സൗകര്യമൊരുക്കൽ, 26/16-17. | 2,94,000 13/1-18 | കെ.കുഞ്ഞികൃഷ്ണൻ | ₹2,65,518 | ₹27,879 |
| S.O.023/18, കന്നുവീട് കടപ്പുറം മോഡൽ അംഗനവാടിക്ക് ചുറ്റുമതിലോട് കൂടി കെട്ടിട നിർമ്മാണം, 16/16-17. | 18,00,000 21/ 3-17 | സി.എൽ. അബ്ദുള്ള. | ₹6,34,283 | ₹34,995 |
| S.O.022/18, ബീച്ചാരക്കടവ് മോഡൽ അംഗനവാടിക്ക് ചുറ്റുമതിലോട് കൂടി കെട്ടിട നിർമ്മാണം, 16/16-17. | 18,00,000 18/ 1-18 | സി.എൽ. അബ്ദുള്ള | ₹6,23,467 | ₹34,398 |
| ആകെ | | | | ₹1,38,705 |

തുക നാളിതുവരെ ഒടുക്കിയിട്ടില്ലെങ്കിൽ പ്രസ്തുത തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീയിനത്തിലുള്ളവ സഞ്ചിത നിധിയിലേയ്ക്കും, തനത് ഫണ്ട് പദ്ധതികൾക്ക് നല്കിയവ ഗ്രാമ പഞ്ചായത്ത് തനത്ഫണ്ടിലേയ്ക്കും തിരികെ ഒടുക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനായി രണ്ട് പ്രോജക്ടുകൾ തൻവർഷം

നടപ്പിലാക്കിയിരുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ രേഖപ്പെടുത്തിയ പരാമർശങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്.

A)എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- S.O. 0004/17-18

ഫണ്ടിനം-വികസന ഫണ്ട്- ₹79,500 രൂപ , ലോകബാങ്ക് സഹായം- ₹1,10,725 രൂപ, തനത് ഫണ്ട്- ₹4,931 രൂപ

| | | |
|---|---|---|
| ചെലവ് വിവരം | ബില്ല് നം./ ചെക്ക് നം. | തുക |
| | 16 18.09.2017 | ₹79,500 |
| | 15/ 18.09.2017 | ₹1,10,725 |
| | തനത് ഫണ്ട് | ₹4,931 |
| | ആകെ | ₹1,95,156 രൂപ |

പഞ്ചായത്ത് പ്രദേശത്ത് തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. 2016-17-ലെ പ്രോജക്ട് പൂർത്തീകരണത്തിനായി 2017-18 ൽ തുടരുകയായിരുന്നു. ഈ പ്രോജക്ട് നടത്തിപ്പിനായി തെരുവ് വിളക്ക് സാധങ്ങൾ വാങ്ങുന്നതിനുവേണ്ടി ക്ഷണിച്ച ടെണ്ടറിൽ രണ്ട് കരാറുകാരാണ് പങ്കെടുത്തത്. ഇതിൽ കുറവ് രേഖപ്പെടുത്തിയ ഹമീദ്, അലുമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ടെണ്ടർ പ്രകാരം സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വിലകളുടെ വിവരം താഴെ കൊടുക്കുന്നു,

| സ്ഥാപനത്തിന്റെ പേര് | തെരുവ് വിളക്ക് സാധന | ക്വാട്ട് ചെയ്തതുക | കുറഞ്ഞ തുക |
|---|---|---|---|
| അലുമിന ഇലക്ട്രോണിക്സ്, മലപ്പുറം | 18 W LED Manual | 2,050 | |
| | 18 W LED Automatic | 2,550 | |
| ഡെൽടോക്ക് സോളാർ സിസ്റ്റം, തളിപ്പറമ്പ | Kumar ISO 18W LED Street light | 1,990 | 1,990 |
| | Akash LED Street light 18W | 1,600 | 1,600 |

ഏറ്റവു കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഡെൽടോക്ക് സോളാർ സിസ്റ്റം, തളിപ്പറമ്പ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത അലുമിന ഇലക്ട്രോണിക്സ്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. മുകളിൽ വിവരിച്ചവയിൽ 18W LED Manual സ്ഥാപിക്കുന്നതിനു വേണ്ടി അലുമിന ഇലക്ട്രോണിക്സ് ക്വാട്ട് ചെയ്ത 2,050 രൂപയുടെ ക്വട്ടേഷൻ പരിഗണിക്കാവുന്നതാണെന്നുള്ള പർച്ചേസിംഗ് കമ്മിറ്റിയുടെ (28.03.2017-ലെ 01/2017 നം തീരുമാനം) ശുപാർശ, 29.03.2017-ലെ 213(3)/17 -നം തീരുമാന

പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിരുന്നു. തുടർന്ന് സെക്രട്ടറി, അലുമിന ഇലക്ട്രോണിക്സിന് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 18W LED Manualലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പർച്ചേസിംഗ് (A2-1412/17(2) തീയ്യതി.12.05.2017) ഓർഡർ നല്കുകയും ചെയ്തു. ആയത് പ്രകാരം ലൈറ്റ് സ്ഥാപിച്ചതിനു ശേഷം അലുമിന ഇലക്ട്രോണിക്സിന് നല്കേണ്ടത് 1,59,900 (78x2,050) രൂപയായിരുന്നു. എന്നാൽ ലൈറ്റൊന്നിന് 2,502 രൂപ നിരക്കിൽ 78 സെറ്റിന് 1,95,156 രൂപ (Invoice no-165/16.05.2017) അലുമിന ഇലക്ട്രോണിക്സിന് അനുവദിച്ചിട്ടുണ്ട്. 35,256 രൂപ (1,95,156-1,59,900) അധികം നല്കിയിട്ടുണ്ട് ആയതിന്റെ കാരണം വ്യക്തമല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല *(ഓഡിറ്റ് എൻക്വയറി നം- 9/4.1.2019).* അധികം നൽകിയ 35,256രൂപ മേൽ കരാറുകരനിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്.

B)മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-S.O. 006/17-18

| | ബില്ല് നം./ചെക്ക് നം. | തുക | ഫണ്ടിനം |
|---|---|---|---|
| ചെലവ് വിവരം | 41/31.03.2018 | ₹1,51,194 | ലോകബാങ്ക് സഹായം |
| | 42/31.03.2018 | ₹48,706 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ | ₹1,99,900 | |

പ്രൊജക്ട് S.O. 6/18 പ്രകാരം മിനി മാസ്റ്റ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട് തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം 1,99,900 രൂപയാണ് ചെലവഴിച്ചത്. പഞ്ചായത്തിലെ മാവിലാക്കടപ്പുറം പാലം സൈറ്റിലാണ് ഒരു മിനി മാസ്റ്റ് വിളക്ക് സ്ഥാപിക്കേണ്ടത്. എന്നാൽ ലൈറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നികുതിയും, കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫും. ഈടാക്കിയിട്ടില്ല.

അലുമിന ഇലക്ട്രോണിക്സിന് നൽകിയ തുകയിലെ ഇൻസ്റ്റലേഷൻ ചാർജ്ജിൽ നിന്നും താഴെ പറയും പ്രകാരം വരുമാന നികുതിയും കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫും. ഈടാക്കേണ്ടിയിരുന്നു. എന്നാൽ ആയവ ഈടാക്കിയിട്ടില്ല.

വരുമാന നികുതി @2%x 1,99,900= 3,998

കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫും @1%x1,99,900= 1,999

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല *(ഓഡിറ്റ് എൻക്വയറി നം- 9/04.01.2019).* ആയതിനാൽ ചെലവഴിച്ച 1,99,900 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു, ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിച്ച രണ്ട് പ്രോജക്ടുകളുടെയും നടത്തിപ്പിൽ താഴെ പറയുന്ന പൊതുവായ അപാകതകളുണ്ടായി.

1. പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ. സാങ്കേതിക അനുമതി വാങ്ങുകയോ, സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന്റെ വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും 18 വാട്ട് എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിനും, 500 W LED SYSTEM സ്ഥാപിക്കുന്നതിനു വേണ്ടിയും പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി വാങ്ങിയ ശേഷമായിരുന്നു പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ സ്ഥാപിച്ച ലൈറ്റിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചോ, അംഗീകരിച്ച നിരക്ക് (അധികമാണോ/കുറവാണോ എന്നത്) സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. അതുപോലെ, ക്ഷമതയുള്ള ഒരു എഞ്ചിനീയറുടെ സാങ്കേതിക മേൽനോട്ടത്തിലല്ല പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. നിർവ്വഹിച്ച പ്രവൃത്തി ആരും അളവെടുത്തിട്ടില്ല. പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ലൈറ്റിന്റെയും ഫിറ്റിങ്ങുകളുടെയും ഗുണ നിലവാരം തട്ടിച്ച് നോക്കുന്നതിന് ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നുള്ള സാങ്കേതികാനുമതി (സ്പെസിഫിക്കേഷൻ) ഇല്ലാതിരുന്നതിനാൽ വിലയും, വാറണ്ടിയും മാത്രം അടിസ്ഥാനമാക്കിയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ഇത് മരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനമാണ്.

2.കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് പടന്ന, തൃക്കരിപ്പൂർ ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിലുള്ള ഇലക്ട്രിക്പോസ്റ്റുകളിലാണ്. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി സബ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു. തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും K.S.E.B. യുടെ അനുമതിയോടുകൂടി മാത്രമേ നടത്താവൂ എന്ന് പവ്വർ ഡിപ്പാർട്ട് മെൻെറിൻെറ സ.ഉ (എം.എസ്.)13/1997/23.03.1997 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

3) 78 സെറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ₹1,95,156 രൂപ ചെലവഴിച്ചെങ്കിലും ഇവ സ്ഥാപിച്ചതായി മോണിട്ടറിംഗ് സമിതിയോ, കെ. എസ്. ഇ. ബി. യോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മെമ്പർമാർ ലഭ്യമാക്കിയിട്ടുള്ള പൂർത്തീകരണ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുള്ളത് . വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല.

4)നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള (വിളക്കിൻെറ തരം സഹിതം)ഇലട്രിക് പോസ്റ്റുകൾ (നമ്പർ സഹിതം) സംബന്ധിച്ച വിവരം ലഭ്യമല്ല. തെരുവ് വിളക്കുകളുടെ സ്റ്റാറ്റസ് റിപ്പോർട്ട് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച വികസന സ്റ്റാൻറിങ് കമ്മറ്റി, വർക്കിങ് ഗ്രൂപ്പ് എന്നിവയുടെ രേഖകൾ പരിശോധിച്ചതിൽ അടിസ്ഥാന വിവരങ്ങൾ ഇല്ലാതെയാണ് വർക്കിങ് ഗ്രൂപ്പ് പദ്ധതി രൂപീകരണം നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് - (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ ) വർക്കിംഗ് ഗ്രൂപ്പിൽ വ്യക്തമായി എത്ര തെരുവ് വിളക്കുകൾ

കത്തുന്നുണ്ടെന്നോ ഇനി എത്ര എണ്ണം ആവശ്യമുണ്ടെന്നോ ചർച്ച ചെയ്തിട്ടില്ല.

5)ഇലക്ട്രികൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ഇല്ല.-ഇലക്ട്രിക് കോൺട്രാക്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന ഇലക്ട്രിക്കൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ആവശ്യമാണ്. തെരുവ് വിളക്ക് സ്ഥാപിച്ച മേൽ സ്ഥാപനങ്ങളുടെ പരാമർശിത ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും യോഗ്യത പരിശോധിക്കാതെയാണ് പ്രവൃത്തി ഏൽപ്പിച്ചത് എന്ന് കാണുന്നു.

മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ.ഉ.(പി)7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷനും ആയതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ കോൺട്രിബ്യൂട്ടറി പെൻഷനും അടവാക്കി വിശദ വിവരം അറിയിക്കേണ്ടതാണ്.

## 3-6 വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കുടിശ്ശിക നൽകൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് S.O.039/18.-കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കുടിശ്ശിക നൽകൽ.

നിർവ്വഹണം - സെക്രട്ടറി

ചെലവ്- 3,62,351 രൂപ ( ബില്ല് നം. 4/05.07.2017)

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കുടിശ്ശിക നല്കുന്നതിനു വേണ്ടി 3,62,351 രൂപ പിൻവലിച്ച് അടവാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി നല്കിയ ബില്ലിൽ 5/2017- വരെ 2,98,767 രൂപ കുടിശികയുള്ളതായും ആയതിന് 5,834രൂപ പിഴയായും കൂടാതെ 06/2017-ലെ തുകയായി 57,750 രൂപയടക്കമാണ് 3,62,351 രൂപയടക്കേണ്ടത്. എന്നാൽ മുൻ മാസങ്ങളിൽ എത്ര തുകയാണ് കുടിശികയുള്ളതെന്ന് വിവരം ലഭ്യമല്ല. വാട്ടർ അതോറിറ്റിക്ക് നല്കിയ തുകയ്ക്കുള്ള രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തു പരിധിയിൽ കേരള വാട്ടർ അതോറിറ്റിയുടെ 128 പൊതുടാപ്പുകൾ ഉള്ളതായി 19.12.2016 നും 23.01.2017 നും ഗ്രാമപഞ്ചായത്തും, അസിസ്റ്റന്റ് എൻജിനീയർ, കേരളവാട്ടർ അതോറിറ്റി, പി.എച്ച്. സെക്ഷൻ,ചെറുവത്തൂരും നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയതാണ്. എന്നാൽ തുടർന്നും 132 പൊതു ടാപ്പുകൾക്ക് കരം വാട്ടർ

അതോറിറ്റി ഡിമാന്റ് ചെയ്യുകയും ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യുന്നുണ്ട്. ഒരു ടാപ്പിന്നു പ്രതിവർഷം 5,250 രൂപയാണ് ചാർജ്. 12.06.2017-ന് വാട്ടർ അതോറിറ്റി നല്കിയ ബില്ല് പ്രകാരം 132 പൊതു ടാപ്പുകളുണ്ടെന്ന് കാണിച്ചാണ് ബില്ല് നല്കിയിട്ടുള്ളത്. ഇതു മൂലം ഗ്രാമപഞ്ചായത്ത് അധികം തുക നൽകിയിട്ടുണ്ട്. 2016-17 ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശം ഉൾപ്പെടുത്തിയിരുന്നു എന്നാൽ അപാകത പരിഹരിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ രസീതും നാളിതുവരെ അധികം നൽകിയ തുക കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നാളിതുവരെ ക്രമീകരിക്കാത്തതിനാലും ചെലവഴിച്ച ₹3,62,351 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-7 ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ വിവരം പരിശോധന നടത്തിയപ്പോൾ 325പേരാണ് തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ പട്ടികയിൽ ഉള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി.)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ

രഹിത വേതനം കൈപ്പറ്റുന്നത്. 325 പേർക്കുള്ള തൊഴിൽ രഹിത വേതനം അനുവദിച്ചിരുന്നെങ്കിലും ഓഡിറ്റ് വർഷം 182 പേർ മാത്രമെ വേതനം കൈപ്പറ്റിയിട്ടുള്ളൂ. 2017-18-ൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 182 | ₹1,07,760/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യം ഭരണസമിതി, സെക്രട്ടറി എന്നിവരുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-8** <u>ടാർ വാങ്ങുന്നതിന് ഓയിൽകമ്പനികൾക്ക് മുൻകൂർ നൽകിയ തുകയിൽ തിരികെ ലഭിക്കുവാനുള്ളത് **1850** രൂപ.</u>

10.02.2017 ലെ സർക്കാർ സർക്കുലർ നം 75/ഡി.എ.1/2017/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയതനുസരിച്ച് 2016-17 വർഷം നടപ്പിലാക്കനുദ്ദേശിച്ച റോഡ് ടാറിംഗ്/ റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൽഷനും വാങ്ങി നൽകുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ ₹ 3,35,294 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന ഓയിൽ കമ്പനികൾക്ക് (ഭാരത് പ്രെട്രോളിയം കോപറേഷൻ ലിമിറ്റഡ് (1,69,928 രൂപ) & ഹിന്ദുസ്ഥാൻ കൊളാസ് കൊച്ചി (1,65,366 രൂപ)) മുൻകൂർ ആയി നൽകിയിട്ടുണ്ട്. തുക മുൻകൂർ നൽകിയ തിയതി മുതൽ സാമഗ്രികൾ വിതരണം ചെയ്ത തിയതി വരെയുള്ള കാലയളവുകളിൽ ഈ സാമഗ്രികൾക്ക് വിലക്കുറവ് വന്നിട്ടുണ്ട്. അതു കൊണ്ട് പഞ്ചായത്ത് മുൻകൂർ നൽകിയ തുകയിൽ ഭാരത് പ്രെട്രോളിയം കോപറേഷൻ ലിമിറ്റഡ് കൃത്യമായ തുകയ്ക്കുള്ള ടാറും എമൽഷനും നല്കിയിട്ടുണ്ട്. എന്നാൽ ഹിന്ദുസ്ഥാൻ കൊളാസ് എന്ന സ്ഥാപനത്തിൽ നിന്നും ബില്ല് നം 5669/22.5.2017, 5965/22.05.2017 എന്നിവ പ്രകാരം 1,63,516 (1,32,797+30,719)രൂപയുടെ ടാറും എമൽഷനും മാത്രമെ ലഭിച്ചുള്ളൂ. ഹിന്ദുസ്ഥാൻ കൊളാസിൽ നിന്നും ₹1,850രൂപ ബാക്കി ലഭിക്കാനുണ്ട്. ഈ തുക എത്രയും പെട്ടെന്ന് തിരികെ ഈടാക്കേണ്ടതാണ്.

## **3-9** <u>യാത്രാ ബത്ത മുൻകൂർ നൽകിയത് - നാളിതു വരെ ക്രമപ്പെടുത്തിയിട്ടില്ല</u>

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻകൂർ യാത്രാബത്തയിനത്തിൽ നൽകിയ താഴെക്കൊടുത്തിരിക്കുന്ന തുകകൾ നാളിതുവരെയായി ക്രമപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വൗച്ചർ നം.&തീയ്യതി | തുക | യാത്രയുടെ ഉദ്ദേശം | തുക സ്വീകരിച്ച ഉദ്യോഗസ്ഥൻ |
|---|---|---|---|
| 21600347/21.10.2016 | ₹2,000 | KLGSDP മീറ്റിങ് തിരുവനന്തപുരം | ശ്രീ.അനിൽ കുമാർ,സെക്രട്ടറി |

| | | | |
|---|---|---|---|
| 21600353/27.10.2016 | ₹2,000 | ODF Declaration മീറ്റിങ് തിരുവനന്തപുരം | ശ്രീ.അനിൽകുമാർ, സെക്രട്ടറി |
| ആകെ | ₹4,000/- | | |

മേൽ പരാമർശിച്ച യാത്രകൾ യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും തുകകൾ ക്രമീകരിച്ച വിവരം അറിയിക്കേണ്ടതുമാണ്.

## 3-10 NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം NPRPD ഗ്രാമ പഞ്ചായത്ത് വിഹിതമായി സെക്രട്ടറി ജില്ലാ പഞ്ചായത്തിന് 1,00,000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| I.C.D.S. സൂപ്പർവൈസർ | പ്രൊജക്ട് നമ്പർ-73/17 -18 NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം (അടങ്കൽ 1,00,000 രൂപ- വികസനഫണ്ട് -പൊതുവിഭാഗം) | 1/2017-18 തിയതി 03.07.2017 | 1,00,000 രൂപ | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |

## 3-11 പ്രോജക്ടുകളുടെ നിർവ്വഹണം -മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

പതിമൂന്നാം പഞ്ചവത്സരപദ്ധതി ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തി: 29-03-2017 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട്

തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. കൂടാതെ പ്രോജക്റ്റ് നിർവ്വഹണം പൂർത്തിയായാൽ ഒരു പൂർത്തീകരണപത്രം എല്ലാ നിർവ്വഹണഉദ്യോഗസ്ഥരും തയ്യാറാക്കണം. പ്രോജക്റ്റിന്റെ ഭൗതിക നേട്ടങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ പൂർത്തീകരണപത്രത്തിൽ ഉൾപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തുകയും, ആയത് രേഖപ്പെടുത്തുകയും പൂർത്തീകരണ പത്രം തയ്യാറാക്കുകയും ചെയ്തിട്ടില്ല. ഭാവിയിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജക്റ്റുകളുടെ നിർവ്വഹണം പൂർത്തിയായാൽ മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പ്രൊക്യൂർമെന്റ് കമ്മിറ്റി-അപാകതകൾ

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ ഒരു പ്രൊജക്റ്റാണ് പ്ലാസ്റ്റിക്ക് ഒഴിവാക്കുന്നതിന് കുടുംബങ്ങളിൽ തുണിസഞ്ചി വിതരണം.(പ്രൊജക്റ്റ് നമ്പർ107/17-18). ഇതിനായി 3,323 തുണിസഞ്ചികൾ 65 രൂപ നിരക്കിൽ 2,15,995 രൂപയ്ക്ക് വാങ്ങുകയുണ്ടായി.(ട്രഷറി ബിൽ നമ്പർ-15/15.03.2018 തുക 2,15,995 രൂപ. ).സുമോദ്.സി.വി.സാപ് ലൈൻസ്, മമ്പറം എന്നിവരിൽ നിന്നാണ് വാങ്ങൽ നടത്തിയത്.(ഇൻവോയ്സ് നമ്പർ273/19.02.2018). തുണിസഞ്ചി വാങ്ങലുമായി ബന്ധപ്പെട്ട് ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | വിവരണം | സമർപ്പിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയ വില(രൂപ) |
|---|---|---|
| മലബാർ ഏജൻസീസ് | പേഴ്സ് കം ക്ലോത്ത് ബാഗ് | 71.95 |
| | ബിഗ് ഷോപ്പർ ടൈപ്പ് | 49.95 |
| | ഓർഡിനറി ക്ലോത്ത് ബാഗ് | 39.95 |
| കുഞ്ഞബ്ദുള്ള,ലിപി സ്റ്റോർ | ക്ലോത്ത് ബാഗ് | 85 |
| മോണൽ ട്രേഡിങ്ങ്, പഴയങ്ങാടി | ക്ലോത്ത് ബാഗ് | 24.98 |
| ഇന്റർസോൺ ഏജൻസി | ക്ലോത്ത് ബാഗ്-ഒന്നാം തരം | 26.78 |
| | ക്ലോത്ത് ബാഗ്-രണ്ടാം തരം | 24.89 |
| കീർത്തി യൂനിഫോംസ്,പയ്യന്നൂർ | ഡീലക്സ് മോഡൽ | 28.65 |
| | സ്റ്റാൻഡേർഡ് മോഡൽ | 23.30 |
| | പ്രീമിയം കളർ | 26.70 |

| | | |
|---|---|---|
| സുമോദ്.സി.വി. സാപ്ലൈൻസ് , മമ്പറം | പേഴ്സ് കം ക്ലോത്ത് ബാഗ് | 65 |

എന്നാൽ ഈ വാങ്ങലുമായി ബന്ധപ്പെട്ട വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധന നടത്തിയപ്പോൾ 10.11.2017 ന് നടന്ന യോഗത്തിൽ "ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ സാംമ്പിൾ പരിശോധിച്ചതിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇന്റർസോൺ ഏജൻസി, കീർത്തി യൂനിഫോംസ്,പയ്യന്നൂർ എന്നിവയുടെ തുണിസഞ്ചി ഗുണനിലവാരം കുറവായതിനാൽ ഒഴിവാക്കുന്നതിനും 65 രൂപ വിലവരുന്ന സുമോദ്.സി.വി.സാപ് ലൈൻസ്, മമ്പറം, കണ്ണൂരിന്റെ തുണിസഞ്ചി ഗുണനിലവാരമുള്ളതാണെന്ന് കമ്മറ്റി വിലയിരുത്തിയതിനാൽ തീരുമാനത്തിനായി ഭരണസമിതിയ്ക്ക് ശുപാർശ ചെയ്യാനും തീരുമാനിച്ചു."എന്നുമാണ് തീരുമാനം രേഖപ്പെടുത്തിയിരിക്കുന്നത്.

ടെണ്ടർ സമർപ്പിച്ചതിൽ സുമോദ്.സി.വി.സാപ് ലൈൻസ്, മമ്പറം എന്നിവരെക്കാൾ കുറവ് രേഖപ്പെടുത്തിയ മലബാർ ഏജൻസീസ് (ബിഗ് ഷോപ്പർ ടൈപ്പ് -49.95രൂപ, ഓർഡിനറി ക്ലോത്ത് ബാഗ്-39.95രൂപ), മോണൽ ട്രേഡിങ്ങ്,പഴയങ്ങാടി (ക്ലോത്ത് ബാഗ് -24.98രൂപ എന്നിവരെ എന്തുകൊണ്ടാണ് ഒഴിവാക്കുന്നത് എന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് ശരിയായ നടപടിയല്ല. പേഴ്സ് കം ക്ലോത്ത് ബാഗായിരുന്നു വാങ്ങാനായി ഉദ്ദേശിച്ചിരുന്നത് എങ്കിൽ ഇക്കാര്യം ടെണ്ടർ നോട്ടിസിൽ തന്നെ വ്യക്തമാക്കാമായിരുന്നു. ടെണ്ടർ നോട്ടീസ് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പ്രത്യേക സ്പെസിഫിക്കേഷൻ ഇത് സംബന്ധിച്ച് ഉണ്ടായിരുന്നോ എന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾ സുതാര്യമാക്കുന്നതിന് വേണ്ടിയാണ് ഇതിനായി പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ പർച്ചേസുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുന്നതു മുതൽ വിതരണം ചെയ്യുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് മിനിട്സിൽ രേഖപ്പെടുത്തിയതിനു ശേഷമാണ് ഭരണസമിതിയുടെ അംഗീകാരത്തിന് നൽകേണ്ടത്. അതിനു ശേഷമാണ് സ്ഥാപനങ്ങൾക്ക് തുക കൈമാറേണ്ടത്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ

വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫിസർ പി.എച്ച്.സി. വലിയപറമ്പ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി. മാവിലാകടപ്പുറം എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-14 <u>വാഹന ഉപയോഗം- പൊതു അപാകതകൾ</u>

2017-18 സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്തിന് പുതുതായി വാഹനം വാങ്ങിയിട്ടുണ്ടെങ്കിലും ലോഗ് ബുക്ക് മാത്രമേ സൂക്ഷിച്ചിട്ടുള്ളു. റിപ്പയർ റജിസ്റ്റർ, സ്റ്റോക്ക് റജിസ്റ്റർ, ഇന്ധനം ഉപയോഗം കാണിക്കുന്ന ഫ്യുവൽ റജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. നിലവിൽ ഇന്ധനം നിറച്ചതിന്റെ അളവ് ലോഗ് ബുക്കിൽ എഴുതി വയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഫ്യുവൽ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇന്ധനം നിറച്ചതിന്റെ ബില്ലുകൾ ലോഗ് ബുക്കിൽ ഒട്ടിച്ചു വയ്ക്കേണ്ടതാണ്. വാഹനത്തിന് അറ്റകുറ്റ പണികളും സർവ്വീസും നടത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തി ആയത് വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

ഉദാ:1) ERAM Motors Pvt. Ltd,Kasaragod ( ഇൻവോയിസ് നം-RBC18SOO1217/02.08.2017 തുക-3,487/-

2) ERAM Motors Pvt. Ltd,Kasaragod ( ഇൻവോയിസ് നം-666/16.03.2018 തുക-7,180/-

വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ ഒപ്പ് വച്ച് പ്രസ്തുത യാത്ര ആധികാരികപ്പെടുത്തേണ്ടതാണ്. ലോഗ് ബുക്ക് പരിശോധിച്ചതിൽ ചില തീയ്യതികളിൽ ഇങ്ങനെ ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

ഉദാ:1)

| യാത്ര ചെയ്ത തീയ്യതി | യാത്രയുടെ ഉദേശം | സഞ്ചരിച്ചദൂരം | യാത്ര ചെയ്ത ഉദ്യോഗസ്ഥൻ |
|---|---|---|---|
| 12.08.2017 | മാടക്കാൽ ആയുർവേദ ആശുപത്രി-പട്ടോൽ ആയുർവേദ ക്യാമ്പ്(ആയുർവദ | 43 KM | ഡോ. സബിത, മെഡിക്കൽ ഓഫീസർ |

| | | | |
|---|---|---|---|
| | ക്യാമ്പിലേക്ക് മരുന്നുകൾ എത്തിക്കാൻ) | | |
| 12.12.2017 | പഞ്ചായത്ത്- മാവിലാടം-ഇടയിലക്കാട് യാത്ര | 42 KM | പഞ്ചായത്ത് പ്രസിഡന്റ് |
| 12.02.2018 | പഞ്ചായത്ത്- പയ്യന്നൂർ-ഒരിയര പന്ത്രണ്ടിൽ | 37 KM | മെമ്പർ സുമക്കണ്ണൻ,സുഹ്റ,മാധവൻ |
| 11.03.2018 | പഞ്ചായത്ത്-പടന്നക്കടപ്പുറം-തൃക്കരിപ്പൂർ കടപ്പുറം-തയ്യൽ സൗത്ത്-വടക്കേക്കാട്-പടന്നക്കടപ്പുറം-ഇടയിലക്കാട്(PHC പൾസ് പോളിയോയുമായി ബന്ധപ്പെട്ട യാത്ര) | 110 KM | മെഡിക്കൽ ഓഫീസറോ PHC യിലെ ഉദ്യോഗസ്ഥനോ ഒപ്പ രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ചവർഷം | ലഭിച്ച തുക(₹) | മുന്നിരിപ്പ് ഉൾപ്പെടെ(₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 17-18 | 63,750 | 63,750 | 85/17-18 നെൽകൃഷി കൂലിചെലവ് സബ്സിഡി | 63,737 | 13 |
| 2 | ജില്ലാ പഞ്ചായത്ത് | 17-18 | 53,000 | 53,000 | 101/17-18 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 38,367 | 14,633 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ജില്ലാ പഞ്ചായത്ത് | 17-18 | 1,00,000 | 1,00,000 | 64/17-18 സാന്ത്വന പരിചരണം | 1,00,000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 1,00,000 | 1,00,000 | 85/17-18 നെൽകൃഷികൂലി ചെലവ് സബ്സിഡി | 63,737 | 36,263 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 1,50,000 | 1,50,000 | 01/17-18 ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1,50,000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 2,00,000 | 2,00,000 | 64/17-18 സാന്ത്വന പരിചരണം | 1,87,311 | 12,689 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 17-18 | 1,50,000 | 1,50,000 | 72/17-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാസർഗോഡ്ജില്ലാ സഹകരണ ബാങ്ക്, ചെറുവത്തൂർ | ഇ.എം.എസ്, ഭവന ലോൺ | ₹74,20,250 | ₹16,92,753 | ₹8,00,000 | | ₹8,92,753 |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ , 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 16 | 2005-06 | 2.95.1 | K.S.E.B,K.W.A. എന്നിവടങ്ങളിൽ തുക നിക്ഷേപിച്ചത് – | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി നിയമസഭാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവൃത്തി പൂർത്തീകരിച്ചില്ല | നിയമസഭാ സമിതി (2016-19)പരിഗണനയിൽ, |
| 1998-99 | 11 | 2005-06 | 2.95.2 | നടപ്പാലം നിർമ്മാണം- മുൻകൂർനല്കി അവസാനിപ്പിച്ചു. | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി നിയമസഭാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. നിയമസഭാ സമിതി (2016-19)പരിഗണനയിൽ, |
| 2014-15 | 2.1 | 2016-17 | തൊഴിൽ നികുതി അനുബന്ധം.4 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.5 | 2016-17 | തൊഴിൽ നികുതി അനുബന്ധം.5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,15,03,021 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,37,92,986 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,23,745 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,62,251 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3(2) | | ₹88,489 | വഹീദ.കെ , അസി.എഞ്ചിനീയർ |
| 3(4)A | | ₹35,256 | രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി |
| ആകെ | | ₹1,23,745 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(4)B | ₹1,99,900 | രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി |
| 3(6) | ₹3,62,351 | രമണി കെ , സെക്രട്ട |
| 3(10) | ₹1,00,000 | ഗിരിജ .കെ.വി , ICDS സൂപ്പർവൈസർ |
| ആകെ | ₹6,62,251 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(4)B | ₹3,998 | രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി |
| | ₹1,999 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വഹീദ.കെ , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വലിയപറമ്പ ഗ്രാമപഞ്ചായത്ത് | ദാറുൽ ഫറ, കൊക്കാകടവ് , പി.ഒ.ഏടച്ചാക്കൈ |
| രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | കണ്ണൻ വില്ല, തളാപ്പ്, കണ്ണൂർ -2 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | നം.LF/KSD.14/1924 /81 /തിയ്യതി07.12.1981 | 10 |
| 1979-80 | നം.LF/KSD. 14/43 /83 / തിയ്യതി 15.03.88 | 10 |
| 1980-81 | നം.LF/KSD. 8/1233 /84 / തിയ്യതി 05.09.84 | 23 |
| 1981-82 | നം.LF/KSD.8 /1625 /86 / തിയ്യതി 05.11.86 | 27 |
| 1982-83 | നം.LF/KSD. 2/ 931/88 / തിയ്യതി 03.03.89 | 13 |
| 1983-84 | നം.LF/KSD. 7/222 /89 / തിയ്യതി.06.07.89 | 13 |
| 1984-85 | നം.LF/KSD. 7/469 /90 / തിയ്യതി 12.09.90 | 14 |
| 1985-86 | നം.LF/KSD.7/73 /91 / തിയ്യതി 30.05.91 | 13 |
| 1986-87 | നം.LF/KSD. 7/517 /92 / തിയ്യതി. 08.05.92 | 8 |
| 1987-88 to 1990-91 | നം.LF/KSD. 5/49 /99 / തിയ്യതി 13.06.2000 | 6 |
| 1991-92 to 1995-96 | നം.LF/KSD.4/605 /05 / തിയ്യതി. 02.01.2007 | 1 |
| 1996-97 (expenditure) | നം.LF/KSD. 5/480 /98 / തിയ്യതി. 08.01.02 | 5 |

| | | |
|---|---|---|
| 1997-98 plan | നം.LF/KSD. 4/818 /03 / തിയ്യതി 11.05.05 | 6 |
| 1998-99 plan | നം.LF/KSD. 4/819 /03 / തിയ്യതി 10.05.05 | 7 |
| 1996-97 | നം.LF/KSD.4 /611 /05 / തിയ്യതി 19.02.07 | 4 |
| 1997-98 | നം.LF/KSD. 4/177/ 07 / തിയ്യതി.17.08.07 | 21 |
| 1998-99 | നം.LF/KSD. 3/175 /07 / തിയ്യതി 17.08.07 | 20 |
| 1999-2000 | നം.LF/KSD. 11/820 /03 / തിയ്യതി 10.05.05 | 2, and 11 |
| 2000-01 | നം.LF/KSD. 4/ 382/ 11/ തിയ്യതി 12.10.11 | 2 and 1 |
| 2001-02 | നം.LF/KSD. 4/93 /03 / തിയ്യതി 12.10.11 | 3 and 2 |
| 2002-03 | നം.LF/KSD. 3/107 /09 / തിയ്യതി 25.08.09 | 8 |
| 2003-04 | നം.LF/KSD. 3/108 /09 / തിയ്യതി 27.08.09 | 9 |
| 2004-05 | നം.LF/KSD. 3/ 109/09 / തിയ്യതി 14.09.09 | 17 |
| 2005-06 | നം.LF/KSD. /3 /312 /10 തിയ്യതി 17.09.09 | 12 |
| 2006-07 | നം.LF/KSD.3/ 313/10 / തിയ്യതി 17.09.10 | 5 |
| 2007-08 | നം.LF/KSD. 4/ 400/11 / തിയ്യതി 14.12.11 | 5 |
| 2008-09 | നം.LF/KSD.7/ 234/13 / തിയ്യതി.03.04.13 | 18 |
| 2009-10 | നം.LF/KSD. 7/ 235/13 / തിയ്യതി.03.04.13 | 18 |
| 2010-11, 2011-12 | നം.LF/KSD. 8/663 /15 / തിയ്യതി 14.07.15 | 15 |
| 2012-13, 2013-14 | നം.LF/KSD.8/508 /15 / തിയ്യതി 07.01.16 | 12 |

| | | |
|---|---|---|
| 2014-15 | നം.KSA/KSD. 9/796 /16 / തിയ്യതി 29.07.16 | 14 |
| 2015-16 | നം.KSA/KSD. 9/2/17 / തിയ്യതി 05.01.17 | 15 |
| 2016-17 | നം.KSA/KSD.9/682/2017തിയ്യതി:22.06.2017 | 15 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 14/13/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Valiyaparamba Grama Panchayat
RECEIPT & PAYMENT STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5146700.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 394880.00 |
| 140000000 | Fees & User Charges | RP-4 | 79258.00 |
| 150000000 | Sale & Hire Charges | RP-5 | 51600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34750493.00 |
| 171000000 | Interest Earned | RP-9 | 92615.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4290051.00 |
| 350000000 | Other Liabilities | RP-36 | 21381.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 729.00 |
| 340000000 | Deposits Received | RP-34 | 513493.00 |
| 350000000 | Other Liabilities | RP-36 | 87893.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1192628.00 |
| 460000000 | Loans, Advances and Deposits | RP-47 | 28000.00 |
| | Grand total | | 46649721.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2181351.00 |
| 220000000 | Administrative Expenses | RP-12 | 651227.00 |
| 230000000 | Operations & Maintenance | RP-13 | 438176.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2889566.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7410411.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 91128.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 362351.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 488760.00 |
| 255000000 | Maintenance Projects | RP-20 | 1652234.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 48960.00 |
| 280000000 | Prior Period item | RP-26 | -1250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 137500.00 |
| 350000000 | Other Liabilities | RP-36 | 2996878.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 427.00 |
| 330000000 | Secured Loans | RP-32 | 800000.00 |
| 340000000 | Deposits Received | RP-34 | 73323.00 |
| 350000000 | Other Liabilities | RP-36 | 1596837.00 |
| 410000000 | Fixed Assets | RP-38 | 14684157.00 |
| 412000000 | Capital work in Progress | RP-40 | 5523165.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1054924.00 |
| 460000000 | Loans, Advances and Deposits | RP-47 | 712861.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2842334.00 |
| Cash | Cash | RP-40(b) | 14401.00 |
| | Grand Total | | 46649721.00 |

## അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Valiyaparamba Grama Panchayat

INCOME & EXPENDITURE STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1185100.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 213810.00 |
| 140000000 | Fee & User Charges | I-4(b) | 85858.00 |
| 150000000 | Sale & Hire Charges | I-5(b) | 57060.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 53107190.00 |
| 171000000 | Interest Earned | I-8 | 92615.00 |
| 180000000 | Other Income | I-9 | 729.00 |
| | Total Income | | 54742362.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6360233.00 |
| 220000000 | Administrative Expenses | I-11(b) | 651227.00 |
| 230000000 | Operations & Maintenance | I-12(b) | 438176.00 |
| 240000000 | Interest & Finance Charges | I-13 | 427.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5717019.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19877512.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 91128.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 362351.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 20634260.00 |
| 255000000 | Maintenance Projects | I-14(e) | 1652234.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 48960.00 |
| 272000000 | Depreciation | I-17(a) | 2332932.00 |
| | Total Expenditure | | 58166459.00 |
| | Gross Surplus/ Deficit of income over Expenditure | | -3424097.00 |
| 280000000 | Prior Period Item | I-18 | -388989.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3035108.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം -4

## ബാലൻസ് ഷീറ്റ്

| |
|---|
| Valiyaparamba Grama Panchayat<br>BALANCE SHEET |
| As on 31-March-2018 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -5118323.49 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38699132.00 |
| | Total Reserve & Surplus | | 33580808.51 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3695888.00 |
| | Total Grants, Contributions for Specific Purposes | | 3695888.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 892753.00 |
| | Total Loans | | 892753.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 676802.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 639401.00 |
| | Total Current Liabilities and Provisions | | 1316203.00 |
| | TOTAL LIABILITIES | | 39485652.51 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39885539.00 |
| 411000000 | Accumulated Depreciation | B-11 | -8079822.00 |
| 412000000 | Capital Work in Progress | B-11(a) | 2083339.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 33889056.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1671580.51 |
| 440000000 | Pre-paid Expenses | B-16 | 892753.00 |
| 450000000 | Cash and Bank Balance | B-17 | 2856735.00 |
| 460000000 | Loand, Advances and Deposits | B-18 | 175528.00 |
| | Total Current Assets, Loans and Advances | | 5596596.51 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 39485652.51 |